# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മെഴുവേലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി11-636/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/06/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മെഴുവേലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി11-636/2022 തീയ്യതി: 29/06/2022

## പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അരുൺ എസ്. നായർ, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ദീപ എസ്.,(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സിന്ധുമോൾ വി.എൻ (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഗോപാലകൃഷ്ണകുറുപ്പ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| എൻ | | | |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി പിങ്കി ശ്രീധർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സേതു ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സന്തോഷ്കുമാർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. മാത്തൻ മെൽബ സാറാ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ശ്രീദേവി എൻ നമ്പൂതിരി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ. കുമാരി അനിത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-05-2020 |
| ഡോ. സ്മിത ഇ ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2020 | 29-12-2020 |
| ഡോ. അഞ്ജു ആർ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 30-12-2020 | 31-03-2021 |
| ശ്രീമതി താര മോഹൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സബിന്നിസ ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. സുരേഷ്കുമാർ ആർ | ഫിഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിന്ധു ഭാസ്കർ | പ്രധാനാദ്ധ്യാപിക, SMSGUPS, ചന്ദനക്കുന്ന് | 01-04-2020 | 31-03-2021 |
| ശ്രീമതി വീണ രാജൻ എം | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-04-2020 |
| ശ്രീ. വിനോദ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-04-2020 | 02-08-2020 |
| ശ്രീമതി സംഗീത പത്മരാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 03-08-2020 | 31-03-2021 |
| ശ്രീ. സ്വരാജ് റസ്സൽ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2020 | 18-09-2020 |
| ശ്രീമതി ദിവ്യ സി | വില്ലേജ് എക്സ്റ്റൻഷൻ | 19-09-2020 | 20-01-2021 |

| | | | |
|---|---|---|---|
| | ഓഫീസർ-1 | | |
| ശ്രീ. സ്വരാജ് റസ്സൽ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 21-01-2021 | 31-03-2021 |
| ശ്രീമതി ദിവ്യ സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 15-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക<br>Written By: Arun S Nair (Asst. Audit Officer, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 17-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 15-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 12-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun S Nair (Asst. Audit Officer, On 12-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികള്‍<br>Written By: Deepa S (Asst. Audit Officer, On 17-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Arun S Nair (Asst. Audit Officer, On 16-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 17-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 08-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-10 |
| 11 | രസീതുബുക്കുകളുടെ പരിശോധന-അപാകങ്ങള്‍<br>Written By: SINDHUMOL V N (Auditor, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 1-11 |
| 12 | ക്ഷീര സഹകരണ സംഘങ്ങള്‍ ലൈസന്‍സ് ഇല്ലാതെ പ്രവര്‍ത്തിക്കുന്നു<br>Written By: SINDHUMOL V N (Auditor, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-12 |
| 13 | പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് - രേഖകള്‍ ഹാജരാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-13 |
| 14 | എസ്.എസ്.കെ വിഹിതം നല്‍കല്‍ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-14 |
| 15 | രണ്ടേക്കറില്‍ കൂടുതല്‍ ഭൂമിയുള്ള ഗുണഭോക്താക്കള്‍ക്ക് ക്ഷേമപെന്‍ഷന്‍ അനുവദിച്ചു<br>Written By: Deepa S (Asst. Audit Officer, On 17-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-15 |
| 16 | അനുപൂരകപോഷകാഹാരപദ്ധതി- സ്റ്റോക്ക്,വിതരണരേഖകള്‍ അപൂര്‍ണ്ണം<br>Written By: Deepa S (Asst. Audit Officer, On 17-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-16 |

| | | |
|---|---|---|
| 17 | ചലഞ്ച് ഫണ്ട് യഥാസമയം സി.ഡി.എസ് അക്കൗണ്ടിൽ ഒടുക്കാഞ്ഞത് കുറ്റകരമായ അനാസ്ഥ<br>Written By: Arun S Nair (Asst. Audit Officer, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-17 |
| 18 | വാടക കെട്ടിടത്തിന്റെ പരിമിതമായ സൗകര്യങ്ങളിൽ വീർപ്പുമുട്ടുന്ന കൃഷിഭവൻ<br>Written By: Deepa S (Asst. Audit Officer, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-18 |
| 19 | വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക തനത്ഫണ്ടിൽ അവശേഷിക്കുന്നു<br>Written By: Arun S Nair (Asst. Audit Officer, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-19 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Arun S Nair (Asst. Audit Officer, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-20 |
| 21 | പ്രാഥമികാരോഗ്യകേന്ദ്രത്തിനു മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 17-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-21 |
| 22 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകിയില്ല.<br>Written By: SINDHUMOL V N (Auditor, On 19-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-22 |
| 23 | മാലിന്യ നിർമ്മാർജ്ജനം - അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 24-06-2022) | 1-23 |
| 24 | കോവിഡ് അനുബന്ധ ചെലവുകൾ- അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 17-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 1-24 |
| 25 | അഗതിരഹിതകേരളം-പദ്ധതിപ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Deepa S (Asst. Audit Officer, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arun S Nair (Asst. Audit Officer, On 15-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Arun S Nair (Asst. Audit Officer, On 16-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arun S Nair (Asst. Audit Officer, On 12-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arun S Nair (Asst. Audit Officer, On 17-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Arun S Nair (Asst. Audit Officer, On 12-06-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Johncy John (Computer Assistant, On 25-06-2022) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arun S Nair (Asst. Audit Officer, On 16-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arun S Nair (Asst. Audit Officer, On 16-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 12-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 18-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arun S Nair (Asst. Audit Officer, On 16-06-2022)<br>Last Updated By: Johncy John (Computer Assistant, On 25-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

6361056 രൂപ മുന്നിരിപ്പും 136807000 രൂപ വരവും 138740000 രൂപ ചെലവും 4428056 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 25.3.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 18.2.2021-ലെ 7(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക എയിംസിൽ സമർപ്പിച്ചിട്ടില്ല. (ILGMS നടപ്പിലാക്കിയ തുക കാരണം) മാനുവലായി 25.8.2020-ൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-3-ൽ 2018-19-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (37554235/-) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4-ൽ 320200399 എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് (347061/-) തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3. ഷെഡ്യൂൾ ബി-4-ൽ 320800199 എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് (495543/-) തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

4. ഷെഡ്യൂൾ ബി-5-ൽ Secured Loans- Loan From KURDFC ഇനത്തിൽ ബാലൻസ് തുകയായ 2740050 രൂപ എന്ന രേഖപ്പെടുത്തിയത് തെറ്റാണ്. യഥാർത്ഥത്തിലുള്ള തുക 3060050 രൂപയാണ്.

5. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10864101 |
| വരവ് | 57648146 |
| ആകെ | 68512247 |
| ചെലവ് | 57675079 |
| നീക്കിയിരിപ്പ് | 10837168 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നിക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | | | | | ട്രഷറി ക്യൂബിൽ | ലാപ്സായത്/ ബാലൻസ് |
| വികസന ഫണ്ട് (ജനറൽ) | 0 | 8746875 | 8746875 | 8738327 | 0 | 8551 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8032000 | 8032000 | 7367938 | 0 | 664062 |
| ധനകരാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3400000 | 3400000 | 1708019 | 0 | 1691981 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 4744931 | 4744931 | 4014460 | 0 | 730471 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7373000 | 7373000 | 5593186 | 0 | 1779814 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3492000 | 3492000 | 3287004 | 0 | 204996 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ശുചിത്വ മിഷൻ | 646515 | 1606777 | 2253292 | 373764 | ---- | 1879528 |
| ലൈബ്രറി ഗ്രാന്റ് | 33168 | 6914 | 40082 | 17656 | ---- | 22426 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| MGNREGS | 193022 | 671011 | 864033 | 862162 | ---- | 1871 |
| ഐ.സി.ഡി.എസ് | 873433 | 562951 | 1436384 | 643444 | ---- | 792940 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. വികസന ഫണ്ട് (ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറച്ചത് അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുകയിൽ 963600 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വികസന ഫണ്ട് (ജനറൽ) ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറച്ചത് ലൈഫ് മിഷൻ വായ്പയുടെ മുതൽ തിരിച്ചടവ് 248980 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി) (29333) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വോട്ടിംഗ് മെഷിൻ വാങ്ങുന്നതിനുള്ള തുക (35319) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) റോഡിതര സംരക്ഷണ ഗ്രാന്റ് വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 225 | 89975989 | 170 | 39251195 | 55 | 55.24 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 24 | 9323554 | 6615468 | 70.95 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 7 | 1380000 | 874786 | 63.39 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 128 | 88 | 23253624 | 13640723 | 58.66 |
| കൃഷി ഓഫീസർ | 9 | 9 | 1520850 | 1309190 | 86.08 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 9 | 9 | 22284607 | 6741905 | 30.25 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 7 | 6 | 23879354 | 4013758 | 16.81 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 2150000 | 1834944 | 85.35 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 5 | 4 | 1625000 | 931584 | 57.33 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 150000 | 150000 | 100.00 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 500000 | 499142 | 99.83 |
| വെറ്ററിനറി സർജൻ | 4 | 4 | 775000 | 427500 | 55.16 |
| പ്രധാനാദ്ധ്യാപിക, ജി.യു.പി.എസ് | 6 | 5 | 1630000 | 1279420 | 78.49 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 5 | 5 | 1120000 | 861952 | 76.96 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 384000 | 70823 | 18.44 |
| | 225 | 170 | 89975989 | 39251195 | 43.62 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 193022 | 671011 | 864033 | 862162 | 1871 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15613357 | 15613357 | 15613357 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 85000 | 85000 | 85000 | 0 |
| ആകെ | 193022 | 16369368 | 16562390 | 16560519 | 1871 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 181 | 3805400 |
| 2 | വാർദ്ധക്യകാല പെൻഷൻ | 1359 | 22111500 |
| 3 | വിധവാ പെൻഷൻ | 581 | 10585800 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 173 | 3170700 |
| 5 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 28 | 507100 |
| 6 | തൊഴിൽ രഹിത വേതനം | 8 | 5760 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.6.2022-ന്

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5115 (അയ്യായിരത്തി ഒരുന്നൂറ്റി പതിനഞ്ച്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയോചെയ്യുന്നില്ല. കമ്മിറ്റിയിൽ വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായി അവഗണിച്ച് ആരോഗ്യ മേഖലയിലെ വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്യുന്നത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം താരതമ്യേന തൃപ്തികരമാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.11.2020-10.11.2020 | 4/2020 - 3/2021 | 10.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.5.2018-30.5.2018 | 2013-14 മുതൽ 2017-18 വരെ | 30.5.2018 |

## 1-11 രസീതുബുക്കുകളുടെ പരിശോധന-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ രസീതുബുക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ഉദാ. ബുക്ക് നം. 54425, 9087, 17952, 9076, 17956)

2. പിരിവിനായി ഉപയോഗിച്ച ബുക്കുകളിൽ സാമ്പത്തികവർഷാവസാനം ബാക്കി നിൽക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്യുന്നില്ല. (ഉദാ. ബുക്ക്നം.9086-രസീത് നം. 64-100) സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ ക്രമപ്രകാരം റദ്ദ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. പഞ്ചായത്തിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകിയ എല്ലാ രസീതു ബുക്കുകളും വർഷാന്ത്യത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല.

3. രസീത് ബുക്കിലെ ചില രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ. ബുക്ക് നം. 17951 ലെ രസീത് നം. 80, ബുക്ക് നം. 17955ലെ രസീത് നം. 36, രസീത് ബുക്ക് 9080 ലെ 29 നം. രസീത്)

4. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ 9076നം. രസീത് ബുക്കിലെ 48 നം. മുതൽ 72നം. വരെയുള്ള രസീത് പ്രകാരം 02/11/2020ൽ ടെണ്ടർ ഫോറ വിലയായി 72056 രൂപ പിരിച്ചിട്ടുണ്ട്. എന്നാൽ മെഴുവേലി സർവ്വീസ് സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ 04/11/2020ൽ 72772 രൂപയാണ് ഒടുക്കിയത്. (716 രൂപ കൂടുതൽ ഒടുക്കിയിരിക്കുന്നു). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/15.6.22) കളക്ഷൻ രജിസ്ററിൽ തുക കൂട്ടിയെടുത്തതിൽ വന്ന തെറ്റുമൂലമാണ് 716 രൂപ അധികമായി ഒടുക്കിയതെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

മേൽസൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ക്ഷീര സഹകരണ സംഘങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന 3 ക്ഷീര സഹകരണ സംഘങ്ങൾക്ക് 2020-21 സാമ്പത്തിക

വർഷം ലൈസൻസ് നൽകിയിട്ടില്ല.

1. നെടിയകാല ക്ഷീരോല്പാദക സഹകരണസംഘം

2. കുറിയാനിപ്പള്ളി ക്ഷീരോല്പാദക സഹകരണസംഘം

3. ഇലവുംതിട്ട ക്ഷീരോല്പാദക സഹകരണസംഘം

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം-7/16.06.22) പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർ നപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. & പേര് | S085/21 പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (പട്ടികജാതി) |
| അടങ്കൽ തുക | 400000 രൂപ<br>വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് തുക | ബിൽ നം.20050652015701234183<br>തീയതി.12/3/2021 145000 രൂപ<br>ബിൽ നം.20050652015701065380<br>തീയതി. 10/02/2021 255000 രൂപ<br>ആകെ 400000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ് |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളായ ചുവടെ ചേർത്തിരിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് യാതൊരു ആനുകൂല്യവും മറ്റ് സ്ഥാപനങ്ങളിൽ നിന്നും നൽകിയിട്ടില്ലെന്ന പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1. രവീണ ആർ.
2. അതുൽ മുരളി
3. നന്ദു സുരേഷ്
4. രാഹുൽ രാജ്
5. സൗമ്യ ശശി
6. സീന ശശീന്ദ്രൻ
7. പ്രവീണ പി
8. മിഥുന മധു
9. അഭിരാമി എസ്.
10. ശ്രുതി സുനിൽ
11. അനന്ദു സജു

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/16.6.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് യാതൊരു ആനുകൂല്യവും നൽകിയിട്ടില്ലെന്ന പട്ടികജാതി വികസന ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 എസ്.എസ്.കെ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| പ്രോജക്ട് പേര്/ നമ്പർ | ഫണ്ടിനം | ബിൽ നമ്പർ/തീയതി | നിർവ്വഹണോദ്യോഗസ്ഥർ |
|---|---|---|---|
| എസ്.എസ്.കെ.വിഹിതം നൽകൽ (ജനറൽ) S004/21 | അടങ്കൽ തുക- 200000 രൂപ വികസനഫണ്ട് (പൊതുവിഭാഗം) ചെലവ് തുക- 200000 രൂപ | ബിൽ നം. 20050652015700236911 തീയതി: 8/6/2020 | ഹെഡ് മിസ്ട്രസ്സ് |
| എസ്.എസ്.കെ.വിഹിതം നൽകൽ (എസ്.സി) S005/21 | അടങ്കൽ തുക- 300000 രൂപ വികസനഫണ്ട് (എസ്.സി.പി) ചെലവ് തുക- 300000 രൂപ | ബിൽ നം. 20050652015700236915 തീയതി: 8/6/2020, | |

പ്രീ-സ്കൂൾ മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക, എല്ലാ തലങ്ങളിലും തുല്യത ഉറപ്പാക്കുക, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളിൽ ഭൗതിക സാഹചര്യം ഒരുക്കി സ്കൂളിന്റെ ഫലപ്രാപ്തി മെച്ചപ്പെടുത്തുക എന്ന വിശാലമായ ലക്ഷ്യത്തോടെ നടപ്പാക്കുന്ന സമഗ്ര ശിക്ഷാ കേരള എന്ന പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം വികസനഫണ്ടിൽ നിന്നും 500000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ തുക പൂർണ്ണമായി ചെലവഴിച്ചതായുള്ള ജില്ലാ പ്രോജക്ട് ഓഫീസറുടെ വിനിയോഗസാക്ഷ്യപത്രം, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/16.6.2022, 9/16.6.2022) മറുപടിയായി ടി പദ്ധതിയ്ക്കായി 500000 രൂപ ചെലവഴിച്ചിട്ടുണ്ടെന്ന 18.06.2022 ലെ ബ്ലോക്ക് പ്രൊജക്ട് കോ-ഓർഡിനേറ്ററുടെ ചെലവ് പത്രിക നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-15 രണ്ടേക്കറിൽ കൂടുതൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് ക്ഷേമപെൻഷൻ അനുവദിച്ചു

സ.ഉ(എം.എസ്) 483/2017dtd 06.11.2017ലെ സർക്കാർ ഉത്തരവനുസരിച്ച് രണ്ട് ഏക്കറിലധികം വസ്തുവുള്ള ഗുണഭോക്താക്കൾക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കാൻ പാടില്ല. എന്നാൽ രണ്ടേക്കറിലധികം സ്ഥലവിസ്തൃതിയുള്ള 3 ഗുണഭോക്താക്കൾക്ക് ഇത്തരത്തിൽ വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ID | പെൻഷൻ ഇനം | പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | റോയ് വർഗ്ഗീസ് കുട്ടവെട്ടിക്കൽ, ഉള്ളന്നൂർ PO | 104240200846 | വാർദ്ധക്യകാല പെൻഷൻ | 2016 ഒക്ടോബർ മുതൽ2022 മെയ് വരെ | 89800 |
| 2 | മോഹനൻ പി.എൻ, പാണ്ടിശ്ശേരിതടത്തിൽ, ഉള്ളന്നൂർ PO | 104240200867 | വാർദ്ധക്യകാല പെൻഷൻ | 2017 ജനവരി മുതൽ2022 മെയ് വരെ | 88800 |
| 3 | KK.ഗോപിനാഥൻ, പാണ്ടിശ്ശേരിതടത്തിൽ, ഉള്ളന്നൂർ PO | 104240201409 | വാർദ്ധക്യകാല പെൻഷൻ | 2020 ഒക്ടോബർ മുതൽ2022 മെയ് വരെ | 31100 |

| | | | | | |
|---|---|---|---|---|---|
| ആകെ | | | | | 209700 |

അനർഹരായ ഗുണഭോക്താക്കൾക്ക് ഇത്തരത്തിൽ സാമൂഹ്യസുരക്ഷാപെൻഷൻ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/2020-21 Dtd 13.06.2022) ടി ഗുണഭോക്താക്കളുടെ സത്യവാങ്മൂലത്തിന്റേയും അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണറിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്നും അനർഹമായി തുക കൈപ്പറ്റിയതിന് ഗുണഭോക്താക്കളോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 19.05.2022 ൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഉടൻ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്തിൽ നിന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 അനുപൂരകപോഷകാഹാരപദ്ധതി- സ്റ്റോക്ക്,വിതരണരേഖകൾ അപൂർണ്ണം

2020-21 സാമ്പത്തികവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അനുപൂരകപോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം. 52/2021) ഭാഗമായി ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള 22 അംഗൻവാടികൾക്ക് ഭക്ഷ്യസാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | വാങ്ങിയ ഭക്ഷ്യസാധനങ്ങൾ | ബിൽ തീയതി | നൽകിയ തുക | ബിൽനമ്പർ /തീയതി |
|---|---|---|---|---|---|
| 1 | സപ്ലൈക്കോ | പലവ്യഞ്ജനം | 25.04.2020 | 172048 | 1/2020-21dtd 23.06.2020 |
| 2 | സപ്ലൈക്കോ | പലവ്യഞ്ജനം | ലഭിച്ചിട്ടില്ല | 57090 | 256999/ 24.08.2020 |
| 3 | സപ്ലൈക്കോ | പലവ്യഞ്ജനം | 30.10.2020 | 172817 | 257138/ 14.12.2020 |
| 4 | സപ്ലൈക്കോ | പലവ്യഞ്ജനം | 22.01.2021 | 147537 | 274498/ 29.01.2021 |
| 5 | ഡ്രീംസ് ഫുഡ് സപ്ലൈ | THRS | 28.12.2020 | 63474 | 274498/ 29.01.2021 |
| 6 | ഡ്രീംസ് ഫുഡ് സപ്ലൈ | THRS | 25.02.2021 | 63375 | 274505/ 09.03.2021 |
| 7 | ഡ്രീംസ് ഫുഡ് സപ്ലൈ | THRS | 28.06.2020 30.07.2020 | 100000 | 2/2020-21 /23.06.2020 |
| 8 | ഡ്രീംസ് ഫുഡ് സപ്ലൈ | THRS | 27.08.2020 09/2020 | 111750 | 257138/ 14.12.2020 |
| ആകെ | | | | 888091 | |

പ്രസ്തുത ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുള്ള ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിലെടുത്ത് അംഗൻവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ അപൂർണ്ണമാണ്. സപ്ലൈക്കോയിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ ബിൽ നമ്പർ/തീയതി എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്റ്റോക്കിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. സ്റ്റോക്ക്, വിതരണ രേഖകളിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/2020-21 Dtd 13.06.2022) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ ബില്ലുകൾ പ്രകാരം പദ്ധതിയ്ക്ക് ചെലവഴിച്ച 888091 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 ചലഞ്ച് ഫണ്ട് യഥാസമയം സി.ഡി.എസ് അക്കൗണ്ടിൽ ഒടുക്കാഞ്ഞത് കുറ്റകരമായ അനാസ്ഥ

കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും അഗതി രഹിത കേരളം പദ്ധതിയ്ക്കായി 2020-21-ൽ അനുവദിച്ച 895267 രൂപ പഞ്ചായത്ത് അക്കൗണ്ടിൽ (SYNDICATE BANK A/C No. 48063070000158) 03.03.2021-ൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, ടി തുക സി.ഡി.എസിന് നാളിതുവരെ കൈമാറിയിട്ടില്ല. 2020-21 വർഷത്തെ വിഹിതമായി ലഭിച്ച തുക 2022-23 ആയിട്ടും നൽകാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(5/1536.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചലഞ്ച് ഫണ്ട് അടിയന്തിരമായി പലിശ സഹിതം അഗതി രഹിത കേരളം അക്കൗണ്ടിൽ ഒടുക്കേണ്ടതും തുക കൈമാറാൻ ഉണ്ടായ കാലതാമസത്തിന് പഞ്ചായത്തും, സി.ഡി.എസും വിശദീകരണം നൽകേണ്ടതുമാണ്.

## 1-18 വാടക കെട്ടിടത്തിന്റെ പരിമിതമായ സൗകര്യങ്ങളിൽ വീർപ്പുമുട്ടുന്ന കൃഷിഭവൻ

ഗ്രാമപഞ്ചായത്തിലെ കൃഷിഭവന് സ്വന്തമായി കെട്ടിടം ഇല്ല. മെഴുവേലി ജംഗ്ഷനിലെ ഒരു വാടകക്കെട്ടിടത്തിൽ വിസ്തൃതി കുറഞ്ഞ 3 മുറികളിലായാണ് ഓഫീസ് പ്രവർത്തിക്കുന്നത്. മുറികൾ എല്ലാം തന്നെ മഴക്കാലത്ത് ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടീൽ വസ്തുക്കളും മറ്റ് ഉല്പാദനോപാധികളും സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനം ഇല്ല. കുടിവെള്ളസൗകര്യം ഇല്ല. കൃഷിവകുപ്പിൽ നിന്ന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായി കൃഷിവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ടെങ്കിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 04.03.2022 ന് കൂടിയ കാർഷികവികസനസമിതിയോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും സ്ഥലം ഏറ്റെടുക്കുന്നതിന് രൂപീകരിച്ച സബ്കമ്മിറ്റി കൺവീനർ അറിയിച്ചതു പ്രകാരം മെഴുവേലി സ്കൂളിനു സമീപമുള്ള 10 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കൃഷിഭവന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തു ന്നു.

## 1-19 വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക തനത്ഫണ്ടിൽ അവശേഷിക്കുന്നു

കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകയിൽ ചെലവഴിച്ചതിനുശേഷം മിച്ചം വന്ന തുക തിരികെ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നം. | ഡെപ്പോസിറ്റ് ചെയ്ത വർഷം | ഡെപ്പോസിറ്റ് ചെയ്ത തുക | വിനിയോഗിച്ചത് | തിരികെ ലഭിച്ചത് | ചെക്ക് നം./ തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 122348 | 121468 | 880 | 227060/4.3.2022 |
| 2 | 2016-17 | 857000 | 715452 | 141548 | |
| 3 | 2017-18 | 1073000 | 907616 | 165384 | |
| 4 | 2018-19 | 854924 | 719924 | 135000 | 227026/21.2.2022 |
| 5 | 2019-20 | 2110000 | 1596457 | 513543 | |
| 6 | 2020-21 | 860000 | 788668 | 71332 | |
| | | | | 1086779 | |

വികസന ഫണ്ടിൽ (ജനറൽ, എസ്.സി.പി) നിന്നും പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകയുടെ ബാക്കിയാണ് ലഭിച്ചിട്ടുള്ളത്. ആയത്, തനത് ഫണ്ടിൽ സൂക്ഷിക്കാതെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 183 പൊതുടാപ്പുകൾക്ക് പ്രതിമാസം 80063 രൂപ നിരക്കിൽ ഓഡിറ്റ് വർഷം 960756 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ വാർഡിലെയും പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ കണ്ടെത്തുന്നതിനും അവയെ ഒഴിവാക്കുന്നതിനോ പ്രവർത്തനക്ഷമമാക്കുന്നതിനോ വേണ്ടി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 21.2.2019-ലെ ഡിഎ1/17/2019 നമ്പർ സർക്കുലർ പ്രകാരം നടത്തേണ്ട സംയുക്ത പരിശോധനയും നടത്തിയിട്ടില്ല. പട്ടികജാതി കോളനികളിലെ പൊതുടാപ്പുകൾ നിലനിർത്തി, ഗാർഹിക കണക്ഷൻ നൽകാനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ജലജീവൻ പദ്ധതി വഴി ഗാർഹിക കണക്ഷനുകൾ നൽകിയ പ്രദേശങ്ങളിൽ പൊതുടാപ്പുകളുടെ ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് ആയവ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പ്രാഥമികാരോഗ്യകേന്ദ്രത്തിനു മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രാഥമികാരോഗ്യകേന്ദ്രത്തിനു മരുന്നു വാങ്ങൽ, പാലിയേറ്റീവ് കെയർ എന്നീ പദ്ധതികളിലുൾപ്പെടുത്തി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നമ്പർ/ പ്രോജക്ടിന്റെ പേര് | ഫണ്ടിനം | നൽകിയ തുക | ലഭിച്ച് മരുന്ന് | ലഭിക്കാൻ അവശേഷിക്കുന്ന മരുന്ന് | ബിൽനമ്പർ/ചെക്ക് നമ്പർ |
|---|---|---|---|---|---|
| 7/2021,PHCയ്ക്ക് മരുന്നുവാങ്ങൽ | റോഡിതര മേയിന്റനൻസ് ഫണ്ട് | 400000 | 322938 | 77062 | 9/2021dtd 17.02.2021 |
| 6/2021, പാലിയേറ്റീവ് കെയർ പദ്ധതി | വികസനഫണ്ട് | 129759 | 104725 | 25034 | 11/2021/17.02.2021 |
| ആകെ | | | 102096 | | |

പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്കുള്ള മരുന്നുകളും പാലിയേറ്റീവ്കെയർ പദ്ധതിക്ക് ആവശ്യമായ മരുന്നുകളും അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകിയില്ല.

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച പദ്ധതി S0043/21 (വനിതപൊതുവിഭാഗം) പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല. പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ടും (200000 രൂപ) ബ്ലോക്ക്പഞ്ചായത്ത് വിഹിതവും (200000 രൂപ) ഉൾപ്പെടെ 400000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ വികസന ഫണ്ട് 200000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 90676 രൂപയും മാത്രമാണ് ചെലവഴിച്ചത്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാമെങ്കിലും ജില്ലാ പഞ്ചായത്തിന്റെ വിഹിതം നേടിയെടുക്കുന്നതിന് സാധിച്ചില്ല. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 4 ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. പദ്ധതി പ്രകാരം വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ലഭ്യമാകാത്തതിനാൽ സാമ്പത്തിക വർഷം മുഴുവൻ കർഷകർക്ക് സബ്സിഡി നൽകാനായിട്ടില്ല.

ആവശ്യകതക്കനുസൃതമായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഫണ്ട് വകയിരുത്തി വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മാലിന്യ നിർമ്മാർജ്ജനം - അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിക്കുകയും ദ്രവമാലിന്യം നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തിന്റെ കർത്തവ്യമാണ്. മാലിന്യ പരിപാലനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലയാണ്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ജൈവ മാലിന്യങ്ങളുടെ ഉറവിട സംസ്കരണവും, അജൈവ മാലിന്യങ്ങളുടെ ശേഖരിക്കൽ, കൈയൊഴിക്കൽ സംബന്ധിച്ചും സേവനങ്ങളും ഫീൽഡുതല പ്രവർത്തനങ്ങളും നടത്തേണ്ട സംവിധാനമാണ് ഹരിതകർമ്മ സേന. മെഴുവേലി ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ചത് ജൂലൈ 2017-ലാണെങ്കിലും പ്രവർത്തനം വേണ്ടത്ര ഫലപ്രദമായിട്ടില്ല. 13 വാർഡുകളുള്ള പഞ്ചായത്തിൽ നിലവിൽ 24 അംഗങ്ങളാണ് ഹരിതകർമ്മ സേനയിലുള്ളത്. വീടുകളിൽ നിന്നും 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100 രൂപയുമാണ് ഈടാക്കിയിരുന്നത്. എല്ലാ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി യൂസർഫീസ് കിട്ടുന്നില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2020-21 വർഷം 38140 രൂപ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് തൻവർഷം 34500 രൂപ നൽകിയിട്ടുണ്ട്. എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും മാലിന്യം ശേഖരിക്കൽ കാര്യക്ഷമമായി നടക്കാത്തത് മൂലം മാലിന്യങ്ങൾ എം.സി.എഫിന് പുറത്ത് റോഡിലും പരസരത്തുമായി ചിതറി കിടക്കുകയാണ്. *(പഞ്ചായത്ത് ഓഫീസിന് സമീപമുള്ള പത്താം വാർഡിലെ മിനി എം.സി.എഫിലെ അവസ്ഥ ഓഡിറ്റിന് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്)* എം.സി.എഫ് കെട്ടിടം ഇലവുംതിട്ട ചന്തയിലാണ് സ്ഥാപിച്ചിട്ടുള്ളത്. ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിക്കാൻ വേണ്ടത്ര സ്ഥലസൗകര്യം ഇല്ല. ജൈവ, അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 കോവിഡ് അനുബന്ധ ചെലവുകൾ- അവലോകനം

കോവിഡ് മഹാമാരിയോട് അനുബന്ധിച്ച് മെഴുവേലി ഗ്രാമപഞ്ചായത്തിൽ ഇലവുംതിട്ട ബോധി ആശുപത്രിയും, അയത്തിൽ ശ്രീബുദ്ധ എഞ്ചിനീയറിംഗ് കോളജ് എന്നിവിടങ്ങളിൽ കോവിഡ് കെയർ സെന്ററും ശ്രീബുദ്ധ എഞ്ചീനിയറിംഗ് കോളേജ് ഹോസ്റ്റൽ സി.എഫ്.എൽ.റ്റി.സി-യും പ്രവർത്തിച്ചിരുന്നു. നടത്തിയ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | ചെലവിന്റെ വിവരം | തുക |
|---|---|---|
| 1 | ഭക്ഷണം, കുടിവെള്ളം | 745029 |
| 2 | മരുന്നുകൾ, മാസ്ക്, അണുനശീകരണം, ക്ലീനിംഗ്, സ്റ്റേഷനറി (CCC/CFLTC) | 195698 |
| 3 | CFLTC നഴ്സിന്റെ വേതനം | 82693 |
| 4 | ശുചീകരണ തൊഴിലാളികളുടെ വേതനം | 412920 |
| 5 | CFLTC സജ്ജീകരണം (അലുമിനിയം ഫാബ്രിക്കേഷൻ, പ്ലംബിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികള്, വണ്ടിക്കൂലി) | 295129 |
| 6 | ഡീസൽ വില | 30014 |
| 7 | ബോധി ആശുപത്രി CCC-യിലേക്ക് വെള്ളം എത്തിച്ചതിന്റെ ചെലവ് | 286500 |
| 8 | വൈദ്യുതി ചാർജ്ജ് | 168410 |
| 9 | CFLTC-യ്ക്ക് കട്ടിൽ, തലയണകൾ, മെത്തകൾ, ഫാനുകൾ, ലൈറ്റുകൾ | 103376 |
| | ആകെ | 2319769 |

സി.എഫ്.എൽ.റ്റി.സി സജ്ജീകരണത്തിനായി 240000 രൂപ ഉൾപ്പെടെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (ഡി.ഡി.എം.എ) നിന്നും 31.3.2021 വരെ 1013369 രൂപ ലഭിച്ചിട്ടുണ്ട്. രണ്ട് പ്രോജക്ടുകൾ മുഖേന 583129 രൂപ വികസന ഫണ്ടിൽ നിന്ന് ചെലവും ചെയ്തത് ക്രമീകരിക്കുന്നതിനായി റീതുപ്പ് ചെയ്തിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ആകെ 1736640 രൂപ ചെലവഴിച്ചിട്ടുണ്ട്.

## 1-25 അഗതിരഹിതകേരളം-പദ്ധതിപ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിലെ അഗതികളായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനും ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. ഗ്രാമപഞ്ചായത്തിലെ 64 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയ്ക്ക് കെ.എസ്/13100/എൽ/2018 /31.05.2019 പ്രകാരം കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | നാളിതുവരെലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| വികസനഫണ്ട് | 7757900 | 700000 | 75000 |
| ചലഞ്ച് ഫണ്ട് | 2685800 | 895267 | 1357168 |
| തനതുഫണ്ട് | 475000 | 150000 | 5050 |
| ആകെ | 10918700 | 1745267 | 1437218 |

പദ്ധതിയുടെ ഇനം തിരിച്ചുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവ് | ആകെ ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ |
|---|---|---|---|---|
| ഭക്ഷണം | 1839600 | 1357168 | 64 | 64 |
| ചികിത്സ | 681600 | 0 | 64 | |
| വീട് | 6400000 | 0 | 16 | |
| ഭൂമി | 400000 | 0 | 2 | |
| കുടിവെള്ളം | 40000 | 0<br>0 | 4 | |
| വിദ്യാഭ്യാസം | 80000 | 0 | | |

| | | | | |
|---|---|---|---|---|
| ടോയ്ലറ്റ് | 54000 | 0 | 4 | |
| വീട് മെയിന്റനൻസ് | 1025000 | 75000 | 14 | 1 |
| ഇലക്ട്രിഫിക്കേഷൻ | 160000 | 0 | 16 | |
| തൊഴിൽ പരിശീലനം | 9000 | 0 | | |
| മറ്റ് ചെലവുകൾ | 4500 | 0 | | |
| കൗൺസിലിംഗ് | 60000 | 0 | | |
| റിസർവ് ഫണ്ട് | 75000 | 0 | | |
| പലവക | 15000 | 5050 | | |
| മെഡിക്കൽ ക്യാംപ് | 75000 | 0 | 64 | |
| | 10918700 | 1437218 | | |

പദ്ധതിയ്ക്ക് വകയിരുത്തിയ തുകയുടെ 13% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രധാനമായും ഭക്ഷണവിതരണം മാത്രമാണ് നടന്നിട്ടുള്ളത്. ഭക്ഷണവിതരണത്തിന് നാളിതുവരെ 1357168 രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. 2020-21 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്ന് 300000 രൂപ പദ്ധതിയ്ക്കായി ലഭിച്ചിട്ടുണ്ടെങ്കിലും ഇതിൽ നിന്നും ഒരു ഗുണഭോക്താവിന് വീട് മെയിന്റനൻസിന് 75000 രൂപ മാത്രമാണ് ചെലവഴിക്കാനായത്. വീട്, കുടിവെള്ളം, ചികിത്സ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് തുക ചെലവഴിച്ചിട്ടില്ല. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് ചലഞ്ച് ഫണ്ട് രണ്ടാം ഗഡുവായി 895267 രൂപ 2021 മാർച്ചിൽ ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതി അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ലാത്തതിനാൽ ഭക്ഷണത്തിന് നിലവിൽ വികസനഫണ്ടിൽ നിന്നാണ് തുക ചെലവഴിക്കുന്നത്. 461901 രൂപ ഇത്തരത്തിൽ വികസനഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. 31.03.2022 ലെ പദ്ധതി നീക്കിയിരിപ്പ് 1450735 രൂപയാണ്. പദ്ധതിയ്ക്കായി ലഭിച്ച തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുതവിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 55250 | നെൽകൃഷി വികസനം (13/21) | 55250 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 59500 | നെൽകൃഷി വികസനം (98/21) | 59500 | 0 |

| | | | | |
|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 438256 | ലൈഫ് ഭവന പദ്ധതി (ജനറൽ) (45/21) | 400000 | 38256 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 300000 | ലൈഫ് ഭവന പദ്ധതി (205/21) | 214203 | 85797 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 800000 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (206/21) | 320000 | 480000 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 100000 | അനുപൂരക പോഷകാഹാരം (52/21) | 100000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (53/21) | 150000 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 155299 | പാലിന് സബ്സിഡി (189/21) | 155299 | 0 |
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 90676 | പാലിന് സബ്സിഡി (വനിത) (43/21) | 90676 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 196159 | പാലിയേറ്റീവ് കെയർ (6/21) | 196159 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | അഗതി രഹിത കേരളം (14/21) | 100000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 500000 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് വേണ്ടി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക (31/21) | 436281 | 63719 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 160000 | ലൈഫ് ഭവന പദ്ധതി (ജനറൽ) (45/21) | 160000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 48533 | ലൈഫ് ഭവന പദ്ധതി (205/21) | 48533 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (37/21) | 20050652014600201217/26.5.2020-110000/-<br>20050652014601089794/15.2.2021-1600000/- | 1710000 | 0 | 1710000 |
| കേരള വാട്ടർ അതോറിറ്റി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (166/21) | 20050652014700825756/14.12.2020-28320/-<br>20050652014701012352/29.1.2021-35400/-<br>200506520147010307206/20.3.2021-57631/- | 121351 | 0 | 121351 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 830716 | 2640000 | 3470716 | 278313 | 0 | 3192403 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 | 2013-14 | 5-3<br>5-6 | മിനി വ്യവസായ എസ്റ്റേറ്റിലെ കെട്ടിടത്തിന്റെ ശോച്യാവസ്ഥ | പരാമർശം നിലനിൽക്കുന്നു |
| 2012-13 | 3-11 | 2013-14 | 5-10 | ആടു ഗ്രാമം പദ്ധതി- തുക വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു | പരാമർശം നിലനിൽക്കുന്നു |
| 2019-20 | 1-18 | 2020-21 | 1.4.1 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്- പ്രോജക്ട് ആവിഷ്കരിച്ച് മൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും യാഥാർത്ഥ്യമായില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68512247 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57675079 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 888091 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 888091 | ശ്രീമതി സബിന്നിസ ജെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | 888091 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സബിന്നിസ ജെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചടയമംഗലം അഡീഷനൽ പ്രോജക്ട്, കൊല്ലം ജില്ല | ജന്നത്ത്, കുഴിവിള, ഊമൻപള്ളിക്കര, കിളിമാനൂർ പി.ഒ, തിരുവനന്തപുരം ജില്ല 695601 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ. പി5/365/10 തീയതി: 02.06.11/20.06.11 | 3 |
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി2/322/98 തീയതി: 14.10.99/11.01.00 | 1 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി2/709/99 തീയതി: 14.03.00 | 6 |
| 1998-99(ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി2/216/99/ തീയതി: 08-03-00 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ. പി2/864/01/ തീയതി: 02-02-01 | 17 |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി2/230/02/ തീയതി: 11-10-02 | 19 |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/222/05/ തീയതി: 11-08-05/ 14-10-05 | 1 |

| | | |
|---|---|---|
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി3/339/04/ തീയതി: 07-01-05 | 4 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/537/06/ തീയതി: 15-09-06/09-02-07 | 5 |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി6/894/08/ തീയതി: 30-09-09 | 11 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി5/365/10/ തീയതി: 02-06-11 | 12 |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി5/939/11/ തീയതി: 20-12-11 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി5/940/11/ തീയതി: 19-12-11/5-6-13 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി5/380/12/ തീയതി: 26-05-12/29-6-13 | 5 |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി5/381/12/ തീയതി: 26-05-12 | 2 |
| 2009-10 | എൽ.എഫ്.പി.റ്റി.എ. പി5/382/12/ തീയതി: 26-05-12/10-6-13 | 3 |
| 2010-11 | എൽ.എഫ്.പി.റ്റി.എ. പി5/383/12/ തീയതി: 26-05-12 | 3 |
| 2011-12 | എൽ.എഫ്.പി.റ്റി.എ. പി11/210/14 തീയതി: 11-08-2014 | എല്ലാ ഖണ്ഡികകളും |
| 2012-13 | എൽ.എഫ്.പി.റ്റി.എ. പി11/1062/14 തീയതി: 05-11-2014 | 8 |
| 2013-14 & 2014-15 | കെ.എസ്.എ.പി.റ്റി.എ.പി11/296/2016 തീയതി: 23-03-2016 | 26 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി11/1204/2016 തീയതി 17-11-2016 | 26 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി11/895/2017 തീയതി 27-07-2017 | 14 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി11/1404/2018 തീയതി 16-10-2018 | 21 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി.11/589/19 തീയതി: 25.07.2019 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി.11/265/21 തീയതി: 09.04.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്